9

# “കർത്താവ് അറിയുന്നു”

## (1:17- 20)

“ദൈവവചനം നിമിത്തവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തം” യോഹന്നാൻ പത്മൊസ് ദ്വിപിൽ ആയിരുന്നത് (1:9). അവന്റെ സ്ഥാനത്ത് ഞാൻ ആയിരുന്നുവെങ്കിൽ, ഞാൻ നിരുൽസാഹപ്പെടുമായിരുന്നു - നിരുൽസാഹപ്പെടുവാൻ കാരണം എനിക്ക് ഇനി പ്രസംഗിക്കുവാൻ കഴിയുകയില്ലല്ലൊ എന്നോർത്ത്, നിരുൽസാഹപ്പെടുവാൻ കാരണം എന്റെ സഹക്രിസ്ത്യാനികളുമായി കൂട്ടായ്മ പുലർത്തുവാൻ കഴിയുകയില്ലല്ലൊ എന്നോർത്ത്, നിരുൽസാഹപ്പെടുവാൻ കാരണം, അവരുടെ പരീക്ഷണങ്ങളിൽ അവരെ ആശ്വസിപ്പിപ്പാൻ കഴിയുന്നില്ലല്ലൊ എന്നോർത്ത്. പിന്നെ ഒരു കർത്തൃദിവസം, “ഒരു ശബ്ദം പറയുന്നത്, ഇതുപോലെ അവൻ കേട്ടു, ‘നിനക്ക് [നിന്റെ] ജനത്തോടുകൂടെ ആയിരിപ്പാൻ നിനക്ക് കഴിയുകയില്ല, എന്നാൽ ഈ സന്ദേശം അവർക്ക് എത്തിക്കുവാൻ നിനക്ക് കഴിയും; ആ സന്ദേശം ഞാൻ നിനക്ക് തരും.’ ”[1] അവൻ തിരിഞ്ഞപ്പോൾ, “മനുഷ്യപുത്രനോട് സദൃശനായ” ഒരുത്തനെ അവൻ കണ്ടു; അറുപതു വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന അവന്റെ കൂട്ടാളിയും, സ്നേഹിതനും ആയ നസ്രേത്തുകാരനായ യേശുവിനെ ആണ്, ഇപ്പോൾ സകലതേജസോടുംകൂടെ കണ്ടത്!

കഴിഞ്ഞ പാഠത്തിൽ, യേശുവിനെ കുറിച്ച് യോഹന്നാന് നല്കുന്ന പല ദർശനങ്ങളിൽ, ആദ്യത്തേതാണ് നാം പഠിച്ചു തുടങ്ങിയത്. യേശു *ശക്തനാണെന്ന്* ദർശനം പഠിപ്പിക്കുന്നതായി നാം പറയുകയുണ്ടായി. പിന്നെ അതിനെ വിപുലമാക്കി, “സകലവും *അറിയുവാനും* ആ അറിവിന്റെ അടിസ്ഥാനത്തിൽ *പ്രവർത്തിപ്പാനും* അവന് കഴിയും” എന്ന് കണ്ടെത്തുകയുണ്ടായി. ഈ പാഠത്തിൽ, യേശുവിന് *അറിയുവാനുള്ള* ശക്തിയുണ്ടെന്ന ആശയത്തെ വികസിപ്പിക്കുകയാണ് ചെയ്യുന്നത്.

കർത്താവ് അറിയുന്ന ഒരു വ്യക്തിയായിട്ടാണ് ബൈബിളിൽ ഉടനീളം പറയുന്നത്. അബ്രഹാമിനെ കുറിച്ച് ദൈവം പറഞ്ഞു, “ഞാൻ അവനെ അറിയുന്നു.” (ഉൽപത്തി 18:19; കെജെവി). പ്രവാചകനായിരുന്ന നഹും പറഞ്ഞു, “തങ്കൽ ആശ്രയം വെക്കുന്നവരെ യഹോവ അറിയുന്നു” (നഹൂം 1:7). യേശു പറഞ്ഞു, ‘‘ഞാൻ നല്ല ഇടയനാകുന്നു, എനിക്കുള്ളവയെ ഞാൻ അറിയുന്നു’’ (യോഹന്നാൻ 10:14). പൗലൊസ് ഗലാത്യരോട് പറഞ്ഞു, “... ഇപ്പോഴോ ദൈവത്തെ അറിഞ്ഞും, വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ” (ഗലാത്യർ 4:9). അവൻ തിമൊഥെയൊസിന് എഴുതിയപ്പോൾ പറഞ്ഞു, ‘‘കർത്താവ് തനിക്കുള്ളവരെ അറിയുന്നു’’ (2 തിമൊഥെയൊസ് 2:19). “കർത്താവ് അറിയുന്നു” എന്ന തലവാചകം ഈ പാഠത്തിന് എടുത്തിരിക്കുന്നത് ആ വേദഭാഗത്തിൽനിന്നാണ്.

വസ്തുതകൾ വെറുതെ അറിയുന്നതിനേക്കാൾ അർത്ഥമുള്ള വാക്കാണ് പലപ്പോഴും “അറിയുക” എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. “അറിയുന്ന വ്യക്തിയും അറിയപ്പെടുന്ന വസ്തുവും തമ്മിലുള്ള *ബന്ധത്തെ* സൂചിപ്പിച്ചുകൊണ്ടാണ്

അത് പലപ്പോഴും ഉപയോഗിച്ചിട്ടുള്ളത്"; അറിയപ്പെടുന്നത് അറിയുന്ന വ്യക്തിക്ക് *പ്രാധാന്യ*മുള്ളതാണ് അല്ലെങ്കിൽ *വിലയുള്ള*താണ്.[2] അദ്ധ്യായം 1 ന്റെ അവസാനവാക്യങ്ങൾ നാം പഠിക്കുമ്പോൾ, യേശുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധം പ്രകാശിക്കുന്നതു ഓരോ വാക്യത്തിലും കാണാം.

### നാം ഭയപ്പെടുമ്പോൾ കർത്താവ് അറിയുന്നു (1:17)

തേജസിലുള്ള യേശുവിനെ യോഹന്നാൻ കണ്ടപ്പോൾ, അവൻ "മരിച്ചവനെ പോലെ അവന്റെ കാൽക്കൽ വീണു" (വാ. 17). അവൻ ഭയം കൊണ്ട് വീണുപോയി. യേശു അവനോട് പറഞ്ഞു, "ഭയപ്പെടേണ്ട" (വാ. 17). യേശുവിന്റെ വാക്കുകൾ "ഭയപ്പെട്ടുകൊണ്ടിരിക്കേണ്ട ആവശ്യമില്ല" എന്ന് തർജിമ ചെയ്യാവുന്നതാണ്.[3]

ഭയപ്പെടേണ്ട എന്നു യേശു പറഞ്ഞത് യോഹന്നാനിൽ ഒരു ഓർമ്മ ഉണർത്തിയോ - യോഹന്നാനെയും മറ്റു രണ്ടു ശിഷ്യന്മാരെയും കൊണ്ട് വലിയ ഒരു മലയിലേക്ക് കൊണ്ടുപോയപ്പോൾ സംഭവിച്ചതായ ഓർമ്മ? ആ സമയത്ത് യേശുവിന് രൂപാന്തരമുണ്ടായി അവൻ മോശെയും ഏലിയാവുമായി സംഭാഷിക്കുന്നതാണ് യോഹന്നാൻ കണ്ടത്. അവർക്ക് ചുറ്റും പ്രകാശമുള്ളോരു മേഘവുമുണ്ടായിരുന്നു, മേഘത്തിൽ നിന്ന് ഒരു ശബ്ദം പറഞ്ഞു, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദി - ക്കുന്നു, ഇവന്നു ചെവി കൊടുപ്പിൻ" (മത്തായി 17:5). യോഹന്നാനും മറ്റു ശിഷ്യന്മാരും "അത് കണ്ടിട്ട് ഏറ്റവും ഭയപ്പെട്ട് കവിണ്ണുവീണു" (വാ. 6). യേശു പിന്നെ "അവരെ തൊട്ടു, എഴുന്നേൽപിൻ, ഭയപ്പെടേണ്ട എന്നു പറഞ്ഞു" (വാ. 7).

കർത്താവ് ആ സന്ദേശം ആളുകൾക്ക് പലപ്പോഴായി നൽകിയിട്ടുണ്ട്.[4] ഒരു ദൂതൻ സെഖര്യാവിനോട് പറഞ്ഞു, "ഭയപ്പെടേണ്ട" (ലൂക്കൊസ് 1:13). അതേ വാക്ക് മറിയയോടും (ലൂക്കൊസ് 1:30) യോസേഫിനോടും (മത്തായി 1:20) പറഞ്ഞിട്ടുണ്ട്. ആട്ടിടയന്മാർക്ക് ദൂതൻ പ്രത്യക്ഷനായപ്പോൾ നൽകിയ സന്ദേശത്തിന്റെ ഒരു ഭാഗം "ഭയപ്പെടേണ്ട" എന്നായിരുന്നു (ലൂക്കൊസ് 2:10). യായിറോസിന്റെ മകൾ മരിച്ചപ്പോൾ, യേശു പറഞ്ഞു, "ഭയപ്പെടേണ്ട" (മർക്കൊസ് 5:36). കാറ്റടി - ച്ചുലയുന്ന കടലിന്മേൽ യേശു ശിഷ്യന്മാരുടെ അടുക്കൽ എത്തിയപ്പോഴും അവൻ ആ വാക്കു പറയുകയുണ്ടായി (മത്തായി 14:27). തന്റെ എല്ലാ ശിഷ്യന്മാരോടും ക്രിസ്തു പറഞ്ഞു, "എന്റെ സ്നേഹിതന്മാരായ നിങ്ങളോട് ഞാൻ പറയുന്നത് ദേഹത്തെ കൊന്നിട്ട് പിന്നെ അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവരെ ഭയപ്പെടേണ്ട" (ലൂക്കൊസ് 12:4). കൊരിന്തിൽ വെച്ച് കർത്താവ് പൗലൊസിന് പ്രത്യക്ഷനായപ്പോൾ ആദ്യത്തെ വാക്ക് "ഇനി ഭയപ്പെടേണ്ട" എന്നായിരുന്നു (പ്രവൃത്തികൾ 18:9).

മനുഷ്യന്റെ പൊതുവായ അവസ്ഥയാണ് ഭയം. നമുക്ക് മിക്കപേർക്കും ഇയ്യോബിനെ അറിയാം, അവൻ പറഞ്ഞു, "ഞാൻ പേടിച്ചതു തന്നെ എനിക്ക് നേരിട്ടു, ഞാൻ ഭയപ്പെട്ടിരുന്നത് എനിക്ക് ഭവിച്ചു" (ഇയ്യോബ് 3:25). ചിലർ ഭാവിയെ ഭയപ്പെടുന്നു. ചിലർ വർത്തമാനകാലത്തെ ഭയപ്പെടുന്നു. വേറെ ചിൽ ഭയപ്പെടുന്നത് ആളുകൾ തങ്ങളുടെ ഭൂതകാലം അറിയുമോ എന്നതിനാലായിരിക്കും. ഭാവിയിൽ സംഭവിക്കുവാനിടയുള്ളതിനെയാണ് പലരും ഭയപ്പെടുന്നത് - വ്യാപാരത്തിൽ, കുടുംബജീവിതത്തിൽ എന്ത് സംഭവിക്കുമെന്നോർത്ത്. ക്രിസ്ത്യാനികൾ ഭയപ്പെടുന്നത് പരീക്ഷണങ്ങളെയാണ് - ജോലിയിൽ, സ്കൂളിൽ, വീട്ടിൽ. ഉപദ്രവങ്ങളേയും

ക്രിസ്ത്യാനികൾ ഭയപ്പെടുവാൻ സാധ്യതയുണ്ട്.

ഭയം നമ്മെ അതിജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഭയം കൊണ്ട് മരിച്ച ഒരാളുടെ സംഭവം *ടൈം* എന്ന മാസികയിൽ പ്രസിദ്ധീകരിക്കയുണ്ടായി.[5] തന്റെ സാഹസിക പ്രവർത്തികൾക്കിടയിൽ ജീവികളാൽ പല പ്രാവശ്യം കടിയേൽക്കപ്പെട്ടിട്ടുണ്ട്. പിന്നെ അയാൾ ലൈം രോഗത്തെ കുറിച്ചു കേട്ടു, അത് മാനിൽനിന്നു പകരുന്ന രോഗമാണ്. താൻ ജീവികളുടെ കടിയേറ്റ് മാരകമായ രോഗിയായെന്നും രോഗം തന്റെ ഭാര്യയിലേക്കും പകർന്നിരിക്കുന്നു എന്ന ഭീതിനിറഞ്ഞു. ഡോക്ടർമാരെല്ലാം അയാളിൽ ലൈം എന്ന രോഗം ഇല്ല എന്നും അത് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് വ്യാപിക്കുകയില്ല എന്നും തീർത്തു പറഞ്ഞു, പക്ഷെ അയാൾ അവരെ ആരെയും വിശ്വസിച്ചില്ല. അവസാനം, അയാൾക്ക് നേരിട്ട ചിത്തഭ്രമംകൊണ്ട് അയാൾ തന്റെ ഭാര്യയെ കൊന്നശേഷം സ്വയം ജീവനൊടുക്കി. ശരിയായ ചിന്ത നശിപ്പിക്കുന്നതാണ് ഭയം.

"ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും" എന്ന പ്രാർത്ഥനയാൽ ദാവീദ് നമുക്ക് ഭയത്തിനുള്ള പ്രതിവിധി നൽകുന്നു (സങ്കീർത്തനങ്ങൾ 56:3). നമ്മുടെ ഉള്ളിലെ വിഷമം കർത്താവ് അറിയുന്നു എന്നതു നാം മനസിലാക്കണം. യോഹന്നാൻ ഭയപ്പെട്ടപ്പോൾ യേശു അറിഞ്ഞതുകൊണ്ട്, നാം ഭയപ്പെടുമ്പോഴും അവൻ അറിയുന്നുണ്ട്. അവൻ അറിയുകയും - കരുതുകയും ചെയ്യും.

> എന്റെ ഹൃദയം വേദനിക്കുമ്പോൾ യേശു കരുതുമോ
> ആഴത്തിൽ ഉല്ലസിച്ചു പാടുക;
> ഭാരം ഞെരുക്കുമ്പോൾ, കരുതൽ നിരാശപ്പെടുത്തുമ്പോൾ,
> വഴി ക്ലേശമാകുകയും നീണ്ടുപോകുകയും ചെയ്യുമ്പോഴോ?
> ഓ, അവൻ കരുതും; അവൻ കരുതുമെന്ന് എനിക്കറിയാം.
> എന്റെ ദുഃഖത്തിൽ അവന്റെ ഹൃദയം സ്പർശിക്കപ്പെടും; ...
> നാളുകൾ ക്ഷീണിതമായി തീരുകയും, രാത്രികൾ നീളുമ്പോഴും
> ഭീതിപ്പെടുത്തുമ്പോഴും,
> എന്റെ രക്ഷകൻ എന്നെ കരുതുമെന്ന് എനിക്ക് അറിയാം.[6]

## നമ്മെ എങ്ങനെ ആശ്വസിപ്പിക്കണമെന്ന് നമ്മുടെ കർത്താവിന് അറിയാം (1:17)

നാം പാപത്താൽ നിശ്ചലമാകുകയും, അനിശ്ചിതത്വത്തിൽ നിഷ്ക്രിയമാകുമ്പോൾ, വേദനകൊണ്ട് വരണ്ടുപോകുമ്പോൾ - എങ്ങനെ നമ്മെ *ആശ്വസിപ്പിക്കണ*മെന്ന് അവന് അറിയാം. "താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിയുന്നവൻ ആകുന്നു" (എബ്രായർ 2:18).

യേശു വന്നത് യോഹന്നാനെ ഭയപ്പെടുത്തുവാനായിരുന്നില്ല, മറിച്ച് അവനെ പ്രോൽസാഹിപ്പിക്കുന്നതിനായിരുന്നു; അതുകൊണ്ട് അവൻ പറഞ്ഞു, ഭയപ്പെടേണ്ട. വാക്കുകൾക്ക് ആത്മാവിനെ തണുപ്പിക്കുവാൻ കഴിയും. "ആശ്വസിപ്പിക്കുന്നതും കൃപയോടുകൂടിയതുമായ വാക്കുകൾ ആയിരുന്നു" പ്രവാചകൻ സംസാരിച്ചിരുന്നത് (സെഖര്യാവ് 1:13). എങ്ങനെയായാലും, യേശു വാക്കുകളിൽ മാത്രം ഒതുക്കിയില്ല. അവൻ തന്റെ കൈ യോഹന്നാന്റെ മേൽ

വെച്ചു (വാ. 17)[7] വേദനിക്കുന്ന സ്നേഹിതനെ ഒരാൾ തോളോട് ചേർത്ത് പിടിക്കുന്നതുപോലെ ആയിരുന്നു അത്.

കർത്താവ് ഇന്നും നമ്മെ ആശ്വസിപ്പിക്കും: അവന്റെ *വാഗ്ദാന* വാക്കുകളാലാണ് നമ്മെ ആശ്വസിപ്പിക്കുന്നത്. സങ്കീർത്തനക്കാരൻ പറഞ്ഞു, "നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നത് എന്റെ കഷ്ടതയിൽ എനിക്ക് ആശ്വാസമാകുന്നു" (സങ്കീർത്തനങ്ങൾ 119:50). ബൈബിൾ നിറയെ ആശ്വാസവും ബലവും നൽകുന്ന വാക്കുകളാണ്.[8] പൗലൊസ് എഴുതി, "ആകയാൽ ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ" (1 തെസലൊനിക്യർ 4:18).

ഇന്നും, കർത്താവ് വാക്കുകളിൽ മാത്രം ഒതുക്കുകയില്ല. അവൻ തന്റെ *ആളുകളിൽ*കൂടെ ആശ്വസിപ്പിക്കുന്നുണ്ട്. എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ''ദൈവം, തിത്തൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു" (2 കൊരിന്ത്യർ 7:6). "സർവ്വാശ്വാസവും നൽകുന്ന ദൈവം ... നമ്മെ ആശ്വസിപ്പിക്കുന്നത് കഷ്ടതയിലായവരെ ആശ്വസിപ്പിക്കേണ്ടതിനത്രേ" എന്ന് അവൻ അവിടെ പറയുന്നു (2 കൊരിന്ത്യർ 1:3, 4).

കൂടാതെ, കർത്താവ് തന്റെ *കരുണാധിക്യപ്രകാരമുള്ള കരുതൽ*കൊണ്ട് നമ്മെ ആശ്വസിപ്പിക്കുന്നു, "[ദൈവത്തെ] സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമർ 8:28).

എല്ലാ വഴികളിലും അവൻ നമ്മെ ആശ്വസിപ്പിക്കും, ഏറ്റവും വിലയേറിയ ഒന്ന് അവന്റെ *സാന്നിധ്യ*ത്താലാണ്. ദാവീദ് എഴുതി, "കൂരിരുൾ താഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല, *നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.* നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു" (സങ്കീർത്തനങ്ങൾ 23:4; എംഫസിസ് മൈൻ). ''ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു (എബ്രായർ 13:5).

"മൂന്നു ചെറിയ പന്നികളുടെ കഥ" നാലുവയസ് പ്രായമുള്ള മെലിന്റക്ക് ഇഷ്ടമായിരുന്നു, അവൾ അത് ഓരോ രാത്രിയും അപ്പനിൽനിന്നു പറഞ്ഞു കേൾക്കുവാനിഷ്ടപ്പെട്ടിരുന്നു. ആ അപ്പൻ കുറെ ദിവസം കഴിഞ്ഞപ്പോൾ മടുത്തതുകൊണ്ട് ഒരു ടേപ്പ് റിക്കാർഡറിൽ റിക്കോർഡ് ചെയ്ത് അവൾക്ക് കേൾക്കുവാനായി കൊടുത്തു. അതെങ്ങനെ പ്രവർത്തിപ്പിക്കണമെന്ന് അയാൾ അവൾക്ക് കാണിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു, "എല്ലാ രാത്രിയിലും നിനക്ക് അതു കേൾക്കാം." കുറെ രാത്രികൾക്കുശേഷം, തന്റെ മകൾ അവളുടെ പ്രിയപ്പെട്ട പുസ്തകവുമായി അയാളുടെ കസേരക്കരികിൽ നിന്നു. അപ്പോൾ അയാൾ അവളോട് ''ഇപ്പോൾ മെറിന്റേ നിനക്ക് ടേപ്പ് റിക്കാർഡർ പ്രവർത്തിപ്പിക്കുവാനറിയാമല്ലോ അല്ലേ?" അവൾ അതിന് മറുപടിയായി, ഉവ്വ്, "പക്ഷെ എനിക്ക് അതിന്റെ മടിയിൽ ഇരിക്കുവാൻ കഴിയുകയില്ലല്ലോ." നമ്മുടെ പിതാവ് ആശ്വാസ വാക്കുകൾ പറയുക മാത്രമല്ല, അവന്റെ സാന്നിധ്യവും നമുക്ക് നൽകും.

**നാം കേൾക്കേണ്ടത് എന്തെന്ന് നമ്മുടെ കർത്താവിന് അറിയാം (1:17, 18)**

''ഭയപ്പെടേണ്ട'' എന്ന് യേശു യോഹന്നാനോട് പറഞ്ഞശേഷം, അപ്പൊസ്തലന്റെ ഭയം അകറ്റുന്നതിനുള്ള വാക്കുകൾ പറഞ്ഞു. ആ

വാക്കുകൾ നിങ്ങൾ വായിക്കുന്നതിനുമുൻപ് ഈ ചോദ്യങ്ങൾ നിങ്ങളോട് തന്നെ ചോദിക്കുക: യേശുവിന്റെ വായിൽനിന്ന് യോഹന്നാൻ കേൾക്കേണ്ടത് എന്തായിരുന്നു? റോമൻ സൈന്യം എത്ര ശക്തമായിരുന്നു എന്നായിരന്നോ അവൻ കേൾക്കേണ്ടിയിരുന്നത്? ക്രിസ്ത്യാനികൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന ഉപദ്രവം കുറയുന്നതിനുപകരം വഷളാകുന്നു എന്നാണോ കേൾക്കേണ്ടിയിരുന്നത്? ക്രിസ്തുവിലുള്ള തന്റെ സഹോദരീസഹോദരന്മാർ എങ്ങനെ ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നാണോ കേൾക്കേണ്ടിയിരുന്നത്? അല്ല. അവൻ അതുവരേയും അറിയാതിരുന്ന അത്തരം കാര്യങ്ങൾ അവനു ഊഹിക്കുവാൻ കഴിയുമായിരുന്നു. വരുവാനിരിക്കുന്ന ഭീകരമായ ദിനങ്ങളിൽ കർത്താവ് അവരെ *സഹായിക്കു*മെന്നതാണ് കേൾക്കേണ്ടിയിരുന്നത്. യോഹന്നാനും - മറ്റു ക്രിസ്ത്യാനികളും കേൾക്കേണ്ടിയിരുന്ന വാക്കുകൾ ശ്രദ്ധിക്കുക: "ഞാൻ ആദ്യനും അന്ത്യനും ആകുന്നു, മരിച്ചവനായിരുന്നു, എന്നാൽ എന്നേക്കും ജീവിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്" (വാ. 17, 18).

റോമൻ ശക്തിയിൽ മതിമറന്നവരോട് യേശു പറഞ്ഞു, "ഞാൻ ആദ്യനും അന്ത്യനും[9] ജീവിച്ചിരിക്കുന്നവനുമാണ്"[10] (വാ. 17, 18). ആ വാക്കുകൾ യേശുവിന്റെ ദൈവികത്വത്തെ സൂചിപ്പിക്കുന്നതാണ്, എന്നാൽ അതിലധികം അവയിലുണ്ട്. യേശു റോമാ സാമ്രാജ്യത്തിന് മുൻപുണ്ടായിരുന്നു എന്നും, റോമാ സാമ്രാജ്യം ഇല്ലാതായ ശേഷവും അവനുണ്ട് എന്ന അർത്ഥം ആ വാക്കുകളിലുണ്ട്.[11] ഡബ്ലിയു. എ. ക്രോസ്വെൽ എഴുതി,

> ഭൂരാജാക്കന്മാരെല്ലാം തങ്ങളുടെ പ്രാബല്യമെല്ലാം തീർന്ന്, നിലത്തെ പൊടിയിൽ നിദ്രകൊണ്ടപ്പോൾ, ഭൂമിയിലെ എല്ലാ സഹിഷ്ണുതാ സ്മരണകളും മഞ്ഞിൽ ഉരുകിപ്പോകുകയും പ്രഭാത സൂര്യൻ അകന്നപ്പോൾ, ഭൂമിയിലെ എല്ലാ മഹത്വവും കല്ലറയിലേക്ക് പോയപ്പോൾ, അവൻ ജീവിക്കുകയും, വസിക്കുകയും, വാഴുകയും ചെയ്യുന്നു.[12]

യേശുവുമായി താരതമ്യം ചെയ്യുമ്പോൾ, റോമാ സാമ്രാജ്യം "അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറെഞ്ഞുപോകുന്നതുമായ ആവി ആയിരുന്നു" (യാക്കൊബ് 4:14).

രക്തസാക്ഷിത്വം നേരിട്ടവരോട് യേശു പറഞ്ഞു, "ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, ഞാൻ എന്നേക്കും ജീവിച്ചിരിക്കുന്നു, പാതാളത്തിന്റേയും മരണത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്" (വാ. 18). "ആയിരുന്നു" എന്ന വാക്കിന്റെ പ്രാധാന്യം വിട്ടുകളയരുത്. അവൻ മരിച്ചവൻ *ആയിരുന്നു*. എന്നാൽ ഇപ്പോൾ എന്നേക്കും ജീവിക്കുന്നു! കുടാതെ അവൻ ഇപ്പോൾ മരണപ്രതലത്തെ നിയന്ത്രിക്കുന്നു, കാരണം മരണത്തിന്റേയും പാതാളത്തിന്റേയും *താക്കോൽ* അവന്റെ കൈവശമുണ്ട്. മരണവും പാതാളവും യോജിച്ചിരിക്കുന്നു (6:8; 20:13, 14 നോക്കുക); ഒരാളുടെ ശരീരം മരിക്കുമ്പോൾ, അയാളുടെ ആത്മാവ് പാതാള ലോകത്തിലേക്ക് പോകുന്നു.[13] വിശ്വാസത്തിന് വേണ്ടി മരിച്ചവരുടെ ആത്മാക്കളെ വിടുവിപ്പാൻ യേശുവിന്ന് ശക്തിയുണ്ട് എന്ന ഊന്നലാണ് "മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ" തന്റെ കൈവശമുണ്ടെന്ന് പറഞ്ഞതിൽ ഊന്നിയിരിക്കുന്നത്.[14] മരണം അവരെ ന

ശിപ്പിക്കുകയോ, പാതാളം അവരെ പിടിച്ചുവെക്കുകയോ ഇല്ല!

നിരാശയിലാണ്ട ക്രിസ്ത്യാനികളോട് അന്ന് യേശു പറഞ്ഞ വാക്കുകൾ ഇന്ന് നമ്മുടേയും ആശ്വാസത്തിന് വേണം. ലോകത്തിലുള്ള തിന്മ കേൾപ്പാൻ നമ്മിൽ പലർക്കും താൽപര്യമില്ല. സാഹചര്യങ്ങൾ വഷളായിക്കൊണ്ടിരിക്കുന്നു എന്ന് കേൾപ്പാൻ നമ്മിൽ മിക്കപേർക്കും ആഗ്രഹമില്ല. അതെല്ലാം കണ്ണു തുറന്നു നോക്കിയാൽ നമുക്ക് കാണാവുന്നതാണ്. ജീവിതത്തെ മാറ്റി മറിച്ച് അന്വർത്ഥമാക്കുവാനും എല്ലാം ശരിയാക്കുവാനും ദൈവത്തിന് കഴിയും എന്നാണ് നാം കേൾക്കേണ്ടത്.

"ഞാൻ ആദ്യനും അന്ത്യനുമാകുന്നു, എന്നേക്കും ജീവിച്ചിരിക്കുന്നു" എന്നു യേശു പറയുന്നത് ഇപ്പോഴും നാം കേൾക്കണം. (വാ. 17, 18). നമുക്ക് ചുറ്റുമുള്ള എല്ലാ തെറ്റിദ്ധാരണകളും താൽക്കാലികമാണെന്നും, ക്രിസ്തുവിന്റെ സഹായത്തോടെ നമുക്ക് അത് അതിജീവിക്കുവാൻ കഴിയുമെന്നും നാം അറിയണം. ജിം മെക്ഗ്വിഗിൻ പറഞ്ഞു, "അവൻ നടക്കാത്ത ഒരു വഴിയും നാം നടക്കേണ്ടതില്ല. അവൻ നേരിടാത്ത ഒരു ഭയവും നമുക്ക് നേരിടുവാനുമില്ല. അവൻ യുദ്ധം ചെയ്യാത്ത ഒരു ശത്രുവിനോടും നമുക്ക് പോരാടേണ്ടതായുമില്ല!"[15]

അവസാനം, ''അവസാന ശത്രുവിനെ'' നാം കണ്ടുമുട്ടുമ്പോൾ (1 കൊരിന്ത്യർ 15:26), മരണത്തിന്റെ വിരൂപം തലയുയർത്തി നിൽക്കുമ്പോൾ, "ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു" എന്ന വാക്കുകൾ നാം കേൾക്കണം (വാ. 18). ബർട്ടൻ കോഫ്മാൻ ശവസംസ്ക്കാരശുശ്രൂഷ നടത്തുമ്പോഴൊക്കെയും, കല്ലറക്കടുത്ത് നിന്ന് വെളിപ്പാട് 1:17, 18 വായിക്കാറുണ്ട്:[16]

> അവനെ കണ്ടിട്ട്, ഞാൻ മരിച്ചവനെപോലെ അവന്റെ കാൽക്കൽ വീണു. അവന്റെ വലങ്കൈ എന്റെമേൽ വെച്ചു, "ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു, ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റേയും [പാതാളത്തിന്റേയും] താക്കോൽ എന്റെ കൈവശമുണ്ട്."

നാം കേൾക്കേണ്ടത് എന്തെന്ന് കർത്താവിന് അറിയാം!

### നാം അറിയേണ്ടത് എന്തെന്ന്കർത്താവിന് അറിയാം (1:19)

യോഹന്നാന് വെളിപ്പാട് എഴുതുവാനുള്ള ദൗത്യനിർവ്വഹണത്തിന് യേശു അത് ആവർത്തിക്കുകയും വിപുലമാക്കുകയും ചെയ്തിട്ടുണ്ട്: "നീ കണ്ടതും, ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനുള്ളതും എഴുതുക" (വാ. 19).

വെളിപ്പാട് പുസ്തകത്തിന്റെ ബാഹ്യരൂപരേഖയാണ് ആ വാക്യമെന്ന് പല വ്യാഖ്യാതാക്കളും കരുതുന്നു: (1) യേഹന്നാൻ അദ്ധ്യായം 1–ൽ കണ്ട ദർശനത്തെയാണ് ''നീ കണ്ടതും'' എന്നതു സൂചിപ്പിക്കുന്നത്; (2) "ഇപ്പോൾ ഉള്ളതും" എന്നതു സൂചിപ്പിക്കുന്നത് അദ്ധ്യായം 2 ലും 3 ലും പറഞ്ഞിരിക്കുന്ന സഭകളെയാണ് (3) "ഇനി സംഭവിപ്പാനുള്ളത്" അദ്ധ്യായം 4 മുതൽ 20 വരെ ഉൾപ്പെടുത്തിയിരിക്കുന്നു.[17] ആ വാക്യം പുസ്തകത്തിന്റെ ബാഹ്യരൂപരേഖയായി എടുക്കാം; അങ്ങനെയാണെങ്കിൽ, അതിന് പല ഒഴികഴിവുകളുമുണ്ടായിരിക്കും. ഉദാഹരണത്തിന്, അദ്ധ്യായം 4 ലേയും

5 ലേയും സിംഹാസനരംഗം കണ്ടതിന്റേയും സംഭവിപ്പാനുള്ളതിന്റേയും ഭാഗമാകാം. അതിനുപുറമെ, അദ്ധ്യായം 12-ൽ വിവരിച്ച യേശുവിന്റെ ജനനം, സംഭവിച്ചുകഴിഞ്ഞതാണ്, അല്ലാതെ ഭാവിയിൽ സംഭവിപ്പാനുള്ളതല്ല.

"ഇപ്പോൾ ഉള്ളത്" വെച്ചുകൊണ്ട് കാര്യങ്ങളുടെ ശരിയായ അവസ്ഥ ന മുക്ക് പറയുവാൻ സാധ്യമല്ല എന്ന് ദൈവത്തിനറിയാം എന്ന് പറയുവാനാണ് എനിക്ക് ഇഷ്ടം; ഇതിന് ശേഷം "സംഭവിപ്പാനുള്ളതും" നാം നോക്കണം. അതാ ണ് വാസ്തവത്തിൽ വെളിപ്പാട് പുസ്തകം. ഇപ്പോഴത്തെ സാഹചര്യം എത്ര മോശമായാലും, ശോഭനമായ ഒരു ഭാവി കാത്തിരിക്കുന്നു! യോഹന്നാന്റെ വായനക്കാർ അത് അറിയേണ്ടിയിരുന്നു, *നാമും* അത് അറിയേണ്ടിയിരിക്കുന്നു. ''ഭാവിയെക്കുറിച്ച് നിങ്ങൾക്ക് ഉറപ്പുകിട്ടിയാൽ, ഇപ്പോൾ നിങ്ങൾക്ക് സ്ഥിരതയുണ്ടാകും."[18]

"ആകയാൽ *എഴുതുക* ..." എന്ന വാക്യം ശ്രദ്ധിക്കുക (വാ. 19; എംഫസിസ് മൈൻ). മുൻപ്, "നീ കാണുന്നത് *പുസ്തകത്തിൽ എഴുതുക*" എന്നാണ് യോഹന്നാനോട് പറഞ്ഞത് (1:11; എംഫസിസ് മൈൻ). ഏതു കാലത്തുള്ള തന്റെ ശിഷ്യന്മാർക്കും വായിച്ച് സന്തോഷിക്കേണ്ട വിധത്തിലാണ് കർത്താവ് സ്ഥിരമായ പ്രോൽസാഹനവാക്കുകൾ നൽകിയത്. ജി. കെ. ചെസ്റ്റർടൻ പ റഞ്ഞു, "സന്തോഷിക്കുക എന്നതാണ് സ്വർഗത്തിന്റെ ഗൗരവമായ കാര്യം."[19] നാം അറിയേണ്ടത്, അവൻ അറിയുന്നതിൽ ദൈവത്തിന് സ്തോത്രം – അവൻ അത് വെളിപ്പാട് എന്ന പുസ്തകത്തിൽ സൂക്ഷിച്ചിരിക്കുന്നു.

### നമ്മെ എങ്ങനെ താഴ്ത്തണമെന്ന് കർത്താവിന്ന് അറിയാം (1:20)

ആദ്യത്തെ ദർശനം ഏതാണ്ട് നാം നോക്കി തീരാറായി. കർത്താവ് വിശദീകരണം നൽകിയ ഒരു വാക്യമേ അവശേഷിക്കുന്നുള്ളു: ''എന്റെ വലങ്കൈയ്യിൽ കണ്ട ഏഴ് നക്ഷത്രത്തിന്റെ മർമ്മവും ഏഴ് പൊൻനിലവിളക്കിന്റെ വിവരവും എഴുതുക: ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാരാകുന്നു, ഏഴ് നിലവിളക്ക് ഏഴ് സഭകളാകുന്നു" (വാ. 20). ഈ വാക്യം നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചതാണ്, എന്നാൽ വേറെ ചില ആശയങ്ങൾ കൂടെ ചേർക്കട്ടെ.

"മർമ്മം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നതിന് "രഹസ്യം" എന്നോ "അറിയാൻ പറ്റാത്ത" എന്നോ അർത്ഥം വരുന്നില്ല. മറിച്ച്, പുതിയനിയമത്തിലുടനീ ളം അതുപയോഗിച്ചിരിക്കുന്നത് മുൻപ് അറിഞ്ഞിട്ടില്ലാത്തതും (അല്ലെങ്കിൽ മനസിലാക്കുവാൻ കഴിയാത്ത) ഇപ്പോൾ വെളിപ്പെടുത്തിയതുമായവയെ സൂചിപ്പിച്ചുകൊണ്ടാണ്. (ഉദാഹരണത്തിന്, നോക്കുക മർക്കൊസ് 4:11; റോ മർ 16:25; 1 കൊരിന്ത്യർ 15:51; എഫെസ്യർ 3:3, 4.) ഹോമർ ഹെയ്‌ലി ഈ നിരീക്ഷണം നടത്തി:

> മനുഷ്യനു മനസിലാക്കുവാൻ സാധ്യമല്ല ... എന്ന് ആ വാക്ക് അർത്ഥമാക്കുന്നില്ല, എന്നാൽ പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരും പ്ര വാചകന്മാരും മുഖാന്തരം വെളിപ്പെടുത്തിക്കൊടുത്തത് ആർക്കാണോ അവർക്ക് മനസിലാക്കുവാൻ കഴിയുന്നതാണ്. യോഹന്നാനും അവൻ ആർക്ക് എഴുതിയോ അവർക്കും മനസിലാകുന്നതായിരുന്നു, അല്ലെങ്കിൽ അവർക്ക് അതുകൊണ്ട് പ്രയോജനമുണ്ടാകയില്ലല്ലൊ.[20]

നാം വെളിപ്പാട് പുസ്തകം പഠിക്കുന്നതുകൊണ്ട് വാക്യം 20 നമ്മെ ആ സ്ഥാനത്ത് ഇടുന്നു. “ഏഴ് നക്ഷത്രം ഏഴ് സഭകളുടെ ദൂതന്മാരാണ്” എന്ന യേശുവിന്റെ വിശദീകരണവും, ആ ഏഴ് “ദൂതന്മാർ” ആരാണെന്നോ അല്ലെങ്കിൽ എന്താണെന്നോ നമുക്ക് നിശ്ചയമില്ലാത്തതും എന്നെ കുഴക്കിയിട്ടുണ്ട്. ആയുഷ്ക്കാലം മുഴുവൻ നിങ്ങൾ വെളിപ്പാട് പുസ്തകം പഠിച്ചാലും, നിങ്ങളുടെ ജീവിതാവസാനത്തിലും ചില ചോദ്യങ്ങൾ അവശേഷിക്കും. ദൈവം അറിയുവാൻ ആഗ്രഹിക്കുന്നതെല്ലാം അറിയുവാൻ നാം എത്ര സാമർത്ഥ്യം കാണിച്ചാലും, നമുക്ക് അവനെപോലെ സമർത്ഥരാകുവാൻ കഴിയുകയില്ല! വെളിപ്പാട് തികച്ചും ചിത്രീകരിക്കുന്ന വചനമാണ് യെശയ്യാവ് 55:9: “ആകാശം ഭൂമിക്ക് മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു.”

വെളിപ്പാട് പുസ്തകത്തിൽനിന്ന് നാം മനസിലാക്കുവാൻ ആഗ്രഹിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കുകയോ ആരെയെങ്കിലും നിരുൽസാഹപ്പെടുത്തുകയോ അല്ല ഞാൻ ചെയ്യുന്നത്. ഞാൻ പറയുന്നത്, “ദൈവം നിഗളികളോട് എതിർത്തു നിൽക്കുമെന്നും” (യാക്കൊബ് 4:6) വെളിപ്പാടിലെ ചില വേദഭാഗങ്ങൾ നമ്മെ താഴുവാൻ സഹായിക്കുമെന്നുമാണ്. നാം നമ്മെ അറിയുന്നതിനേക്കാൾ നന്നായി ദൈവത്തിന് നമ്മെ അറിയാം!

**ഉപസംഹാരം**

തേജസ്ക്കരിക്കപ്പെട്ട യേശുവിന്റെ ദർശനം യോഹന്നാന്റെ കണ്ണിൽനിന്നു കുറേശെയായി മാഞ്ഞു പോയപ്പോൾ, ബാഹ്യമായി എല്ലാം പഴയതുപോലെ തന്നെ ആയിരുന്നു. ഡൊമീഷ്യൻ അപ്പോഴും സിംഹാസനത്തിൽ തന്നെ, വയോധികനായ അപ്പൊസ്തലൻ അപ്പോഴും പത്മൊസ് ദ്വീപിൽ തന്നെ, ക്രിസ്ത്യാനികൾ അപ്പോഴും മരിച്ചുകൊണ്ടിരിക്കുന്നു - എന്നാൽ *യേശു* സംസാരിച്ചിരിക്കുന്നു! യോഹന്നാന്റെ ഉള്ളിൽ അത് എന്തു മാറ്റം വരുത്തിയിരിക്കും! തീർച്ചയായും അവന്റെ പ്രത്യാശ ജ്വലിക്കുകയും, അവന്റെ സന്തോഷം പുതുക്കപ്പെടുകയും, ഭാവി നോക്കുമ്പോൾ ശോഭനമായും കാണുന്നു! വെളിപ്പാട് പുസ്തകം എഴുതിയിരിക്കുന്നത് ഞെരുക്കപ്പെട്ടവർക്കും, ജീവിതത്തിൽ ആമഗ്നരായവർക്കും, പ്രത്യാശ നഷ്ടപ്പെട്ടവർക്കുമാണ്. അതു പറയുന്നത്, “ശുഭകരമായ ഒരു നാളെയുണ്ട്! ഇതു വിചാരിച്ചുകൊണ്ട്, ദൈവത്തോട് കൂടുതൽ അടുക്കുക!” ഈ പുസ്തകം എഴുതിയത് *നിനക്ക്* വേണ്ടിയാണ്.[21]

---

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

“യോഹന്നാൻ അറിഞ്ഞതും,” “യേശു അറിയുന്നതും” എന്നിങ്ങനെ രണ്ടു മുഖ്യ പോയിന്റുകളാക്കി, ഈ പാഠത്തേയും മുൻപിലത്തെ പാഠത്തെയും യോജിപ്പിക്കാവുന്നതാണ്.

കുറിപ്പുകൾ

[1]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ, ബ്രോഡ്മാൻ പ്രസ്, 1951), 104. [2]ഡബ്ല്യിയു. ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കൊഹെൻജെർഗർ III. വിത്ത് ജെയിംസ് എ. സ്വാൻസൺ (മിന്നെപൊലീസ്, മിൻ.: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 628. (എംഫസിസ് മൈൻ.) [3]വർത്തമാന ക്രിയ സൂചിപ്പിക്കുന്നത്, തുടർപ്രവൃത്തിയെയാണ്. [4]മനുഷ്യർ ഭയപ്പെടാതിരിക്കേണ്ടതിന്, ഈ പുതിയനിയമ ഉദാഹരണങ്ങൾക്ക് പുറമെ ധാരാളം പഴയനിയമ വേദഭാഗങ്ങളുടെ ഉദാഹരണങ്ങളുമുണ്ട്. [5]"ഫാറ്റൽ ഓവർ റിയാക്ഷൻ" *ടൈം* (14 ആഗസ്റ്റ് 1989), 33. [6]ഫ്രാങ്ക് എഫ്. ഗ്രേഫ്, "ഡസ് ജീസസ് കെയർ?" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* എഡി., ആൾട്ടൻ എച്ച്. ഹോവേർഡ് (വെസ്റ്റ് മോൺറോ ലാ.: ഹോവേർഡ് പബ്ലിഷേഴ്സ്, 1994). [7]യോഹന്നാനെ കർത്താവ് എഴുന്നേല്പിച്ച് നിർത്തിക്കാണും. [8]ആ വാക്കുകളിൽ കുറെ നാം ഈ പാഠത്തിൽ പിന്നീട് പറയുന്നതാണ്. [9]"ആദ്യനും അന്ത്യനും" എന്നത് അടിസ്ഥാനപരമായി "ആൽഫയും ഒമേഗയും" എന്നു പറയുന്നത് തന്നെയാണ് (1:8; 22:13 നോക്കുക). പിതാവും പുത്രനും എങ്ങനെ ഒരേസമയത്ത് "ആൽഫയും ഒമേഗയും" ആകും? ഒരുപക്ഷെ അവർ രണ്ട് പേരും *ഒന്ന്* ആയിരിക്കുന്നതുകൊണ്ടാകാം (യോഹന്നാൻ 10:30). [10]"ജീവിച്ചിരിക്കുന്നവൻ" എന്നത് ദൈവത്തിനുള്ള പ്രയോഗമാണ് (യോശുവ 3:10; സങ്കീർത്തനങ്ങൾ 42:2; 84:2; ഹോശേയ 1:10).

[11]യെശയ്യാവിലെ "ആദ്യനും അന്ത്യനും" എന്ന വാക്ക്, യഹോവ ശത്രുക്കളെ ഓടിച്ച് തന്റെ ജനത്തെ വീണ്ടെടുക്കുന്നതിനെ സൂചിപ്പിക്കകയാണ് (യെശയ്യാവ് 41:4; 44:6; 48:12). [12]ഡബ്ല്യിയു. എ. ക്രിസ്വെൽ, *എക്സ്പോസിറ്ററി സെർമണസ് ഇൻ റെവെലേഷൻ, വാല്യം,* 1 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1962), 159. [13]20:13 നോക്കുക. ''പാതാളം'' എന്നത് അക്ഷരികമായി അർത്ഥമാക്കുന്നത് "കാണപ്പെടാത്ത" എന്നാണ്, അതു സൂചിപ്പിക്കുന്നത് ശരീരം വിട്ട ആത്മാക്കൾ പോകുന്ന "അദൃശ്യ ലോകത്തെ" ആണ്. യേശു മരിച്ച ശേഷം, അവന്റെ ആത്മാവ് പാതാളത്തിലേക്ക് പോയിരുന്നു (പ്രവൃത്തികൾ 2:31). പാതാളലോകം എന്നത് എളുപ്പത്തിൽ മനസിലാക്കുവാൻ ലൂക്കൊസ് 16:19–31 നോക്കുക. കെജെവിയിൽ 1:18 പറയുന്നത് "നരകം" എന്നാണ് (6:8; 20:13, 14) കെജെവിയും തർജിമയിൽ *ഗെഹെന്ന* (ദുഷ്ടന്മാരുടെ വാസ സ്ഥലം) എന്ന വാക്കിനർത്ഥം നരകം ആയി ഉപയോഗിച്ചിരിക്കുന്നത് തെറ്റിദ്ധാരണാജനകമാണ്. *പാതാളം* ദുഷ്ടന്മാരുടെ നിത്യഭവന *മല്ല.* [14]അവിശ്വാസികളെ പാതാളലോകത്തിലേക്ക് അയക്കുവാനുള്ള അധികാരം തനിക്ക് ഉണ്ട് എന്നുകൂടെയാണ് യേശു പറയുന്നത് (വെളിപ്പാടിൽ നാം പിന്നീട് കാണുവാനിരിക്കുന്നതുപോലെ) – എന്നാൽ ഈ വേദഭാഗത്ത് ക്രിസ്ത്യാനികളുടെ പ്രയോജനമാണ് കാണിച്ചിരിക്കുന്നത്. [15]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ.* ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ് (ലബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 39. [16]ബർട്ടൻ കോഫ്മാൻ *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 34. അത്തരം സാഹചര്യത്തിന് അദ്ദേഹം ഒരു മാറ്റം വരുത്തിയിട്ടുണ്ട്, അത് ഫിലിപ്പിന്റെ തർജിമയിലെ "മരണവും കല്ലറയും" എന്നാണ്. (*ദ ന്യൂടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ്*, എഡി. ജെ. ബി. ഫിലിപ്സ് [ന്യൂയോർക്ക്: ദ മാക്മില്ലൻ കമ്പനി., 1958]). [17]വാക്യം 19 മൂന്നു പിരിവിന് പകരം രണ്ട് പിരിവായി പറയാവുന്നതാണ്. "ഇവ എല്ലാം കണ്ടതിനുശേഷം നീ എഴുതുക എന്നും അർത്ഥം വരാം: (1) ഇപ്പോഴുള്ളതും

(2) ഇനി ഉണ്ടാകുവാനുള്ളതും." [18]വാരെൻ വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം, 2. (വീറ്റൺ Ill.: വിക്ടർ ബുക്സ്, 1989), 571. [19]ക്വോട്ടഡ് ഇൻ ഏൾ എഫ്, പാമർ, *1, 2, 3 ജോൺ ആന്റ് റെവെലേഷൻ*, ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം 12 (ഡള്ളാസ് വേഡ് പബ്ലിഷിങ്ങ്, 1982), 123. [20]ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 115.

[21]ഇത് ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, കേൾവിക്കാർക്ക് വെളിപ്പാടിലെ വാഗ്ദാനങ്ങൾ ലഭിക്കുന്നതിന്, യേശുവിനോട് ശരിയായ ബന്ധമുണ്ടാകണമെന്ന് പറയണം. ആരെങ്കിലും സ്നാനപ്പെടാത്തവരായിട്ടുണ്ടെങ്കിൽ, അവരെ അതിന് ഉത്തേജിപ്പിക്കണം (മർക്കൊസ് 16:16). ക്രിസ്ത്യാനികളായിട്ട് അവിശ്വസ്തരായിപോയവരെ, യഥാസ്ഥാനപ്പെടുവാൻ പ്രോൽസാഹിപ്പിക്കണം (യാക്കൊബ് 5:16).

---

**പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ**

1. ബൈബിളിൽ "അറിയുക" എന്ന വാക്ക് എപ്പോഴെങ്കിലും *ബന്ധത്തെ* സൂചിപ്പിക്കുന്നുണ്ടോ? അതു ഒരു മനുഷ്യനും അവന്റെ ജീവിതവു മായി ചിത്രീകരിക്കാമോ? (ഉൽപത്തി 4:1 നോക്കുക; കെജെവി.)
2. ബൈബിളിൽ ചിലരോട് കർത്താവ് "ഭയപ്പെടേണ്ട" എന്നു പറഞ്ഞു. അവരിൽ ചിലരുടെ പേർ പറയുക? നിങ്ങൾ ഭയപ്പെട്ടിട്ടുണ്ടോ?
3. ഭയത്തിനുള്ള പ്രതിവിധി എന്താണ്?
4. ബൈബിളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട "ആശ്വാസ വാക്ക്" ഏത്?
5. നമുക്ക് അന്യോന്യം ആശ്വസിപ്പിക്കാവുന്ന ചില വഴികൾ എഴുതുക.
6. ലോകത്തിലുള്ള കുഴപ്പങ്ങളേക്കാൾ കേൾക്കുവാനിഷ്ടം ദൈവത്തിന് കുഴപ്പങ്ങൾ പരിഹരിക്കുവാൻ കഴിയുമെന്നും (പരിഹരിക്കുമെന്നും) കേൾക്കുന്നതാണ് ഇഷ്ടം എന്നതിനോട് നിങ്ങൾ യോജിക്കുന്നു ണ്ടോ?
7. എന്താണ് "പാതാളം?"
8. "മരണത്തിന്റേയും പാതാളത്തിന്റെയും" എന്നതിന്റെ അർത്ഥമെന്ത്?
9. അവസാനം എല്ലാം ശരിയാക്കുമെന്ന സന്ദേശം നിങ്ങൾക്ക് വേണോ?